"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും കരട് പദ്ധതി രേഖ അംഗീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(സാധാ) നം.1708/2025/GEDN തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:- 1. 11/06/2024 ന എസ്.സി.ഇ.ആർ.ടി. - യിൽ വച്ചു നടന്ന കരിക്കുലം കമ്മിറ്റിയുടെ മിനിറ്റ്സ്.

2. സ്കോൾ കേരള സെക്രട്ടറിയുടെ 12/09/2024 ലെ എ4/3783/2024/സ്കോൾ-കേരള.

<u>ഉത്തരവ്</u>

കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്തമാറ്റിക്സ് ഒരു ഐച്ഛിക വിഷയമല്ലാത്തതിനാൽ CUET, CAT ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് അപേക്ഷിക്കുവാനും പങ്കെടുക്കുവാനും അവസരം ലഭിക്കുന്നില്ലായെന്നും അതിനാൽ ഹയർ സെക്കൻഡറി കോഴ്സിന് കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായി പഠിക്കുന്ന റഗുലർ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനു അനുമതിയും അതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതി രേഖയും അംഗീകരിച്ച്

ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടു സ്കോൾ കേരള സെക്രട്ടറി പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു. 11/06/2024 ന എസ്.സി.ഇ.ആർ.ടി. - യിൽ വച്ച നടന്ന കരിക്കുലം കമ്മിറ്റിയുടെ മിനിറ്റ്സും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഹയർ സെക്കൻഡറി ബോർഡിനു കീഴിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സ്കോൾ-കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് രണ്ടു വർഷം പഠിച്ച് ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിനുള്ള അവസരം ഒരുക്കുന്നതിനുള്ള അനുമതി സ്കോൾ കേരളയ്ക്ക് നൽകിയും അതിനു വേണ്ടി തയ്യാറാക്കിയ, അനുബന്ധമായി ചേർത്തിരിക്കുന്ന പദ്ധതി രേഖ അംഗീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(പി3/289/2024-പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
സെക്ഷൻ ഓഫീസർ
Date: 01-03-2025 15:43:24